ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): രണ്ടാമത് 41 ലക്ഷം രൂപയുടെ എസ്റ്റിമേറ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള കരാർ റദ്ദാക്കി മറ് കരാറുകാരെ ഏൽപ്പിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളത്. ഇതിനാവശ്യമായ നടപടികളും അടിയന്തിരമായി സ്വീകരിച്ചു വരുകയാണ്. നടപടിക്രമം പൂർത്തിയാകുന്ന മുറയ്ക്ക് പണി ആരംഭിക്കാൻ കഴിയും.

(22) കെ. എസ്. ആർ. ടി. സി. ബസ് യാത്രക്കാർക്കും ജീവനക്കാർക്കും കർണ്ണാടക സംസ്ഥാനത്തു നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കേരളത്തിൽനിന്ന് മൈസൂർ വഴി കെ. എസ്. ആർ. ടി. സി. യുടെ ചില ബസ്സുകൾ ഓടുന്നുണ്ട്. കഴിഞ്ഞ കുറെ ദിവസങ്ങളായി മൈസൂർ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ബസ് സ്റാന്റുകളിൽ നമ്മുടെ ബസ്സുകൾ കയറാൻ അനുവദിക്കാറില്ല. കാരണം അവിടെ നിന്ന് നമ്മുടെ ബസ്സുകളിൽ അടിക്കുന്ന ഡീസലിന് കാശ് കൊടുക്കുന്നില്ല. സർ, ഇത് നാണംകെട്ട കാര്യമാണ്, പുറത്തറിഞ്ഞാൽ വിഷമമുള്ള കാര്യമാണ്. കണ്ണൂരിൽ നിന്നും കോഴിക്കോട്ടുനിന്നും വയനാട്ടു നിന്നും പോകുന്ന ബസ്സുകൾ ഇപ്പോൾ അവിടെ കയറാത്തതുകൊണ്ട് പലപ്പോഴും ആളുകൾ വിഷമിക്കുകയാണ്. രാത്രി അവിടെ ഹാൾട്ട് ചെയ്യുന്ന ബസ്സുകളുണ്ട്. ജീവനക്കാരെ വിശ്രമമുറിയിൽ പോലും കയറാൻ സമ്മതിക്കുകയില്ല. ബസ്സ് റോഡിൽ ഇടുകയാണ്. ദിവസേനയുള്ള കളക്ഷനും സാധനങ്ങളും മറും ബസ്സിൽ സൂക്ഷിച്ചാണ് അതിലെ ജീവനക്കാർ ജീവിക്കുന്നത്. 'ഇത്തരത്തിലാണെങ്കിൽ ഇനി ഞങ്ങൾ ആ വഴിക്ക് പോവുകയില്ലെന്ന്' ട്രാൻസ്പോർട്ട് ജീവനക്കാർ അറിയിച്ചതായി അറിയുന്നു. വളരെ പെട്ടെന്ന് പണം കൊടുത്ത് ഈ പ്രശ്നം പരിഹരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, കർണ്ണാടക ട്രാൻസ്പോർട്ട് അധികൃതർ നമ്മുടെ കെ. എസ്. ആർ. ടി. സി. യുടെ കോഴിക്കോട്-മൈസൂർ അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്ന ബസ്സുകൾ ബസ് സ്റാന്റിൽപോലും പ്രവേശിക്കാൻ അനുവദിക്കുന്നില്ല എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ പരാമർശിച്ചത്. 25-7-1985-ൽ ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും ഉടൻതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ അയച്ച് അന്വേഷിക്കുകയും ചെയ്തു. വളരെ തുക കൊടുക്കാനുണ്ടെന്നു പറയുന്നത് ശരിയല്ല. 1982 മാർച്ച് 31-ാം തീയതിവരെ കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷന് കൊടുക്കാനുള്ള തുക മുഴുവൻ കൊടുത്ത് തീർത്തിട്ടുണ്ട്. 2,79,498 രൂപയാണ് കൊടുക്കാനുള്ളത്. ഒന്നരലക്ഷത്തോളം രൂപ നമുക്ക് കിട്ടാനുണ്ട്. 1,29,000 രൂപ മാത്രമേ മടക്കി കൊടുക്കേണ്ടതുള്ളൂ. സാധാരണ അന്തർസംസ്ഥാന റൂട്ടുകളിൽ സർവ്വീസ് നടത്തുന്നത് രണ്ടു സംസ്ഥാന ഗവൺമെന്റുകളും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റ് അനുസരിച്ചാണ്. കർണ്ണാടക ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഈ എഗ്രിമെന്റ് പലപ്പോഴും കാറ്റിൽ പറത്തുന്ന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിനെക്കുറിച്ച് ശ്രദ്ധയിൽപ്പെടുത്തിയ സന്ദർഭങ്ങളും ഉണ്ട്. കഴിഞ്ഞമാസം തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ കോൺഫറൻസ് അവിടെവച്ച് കൂടുകയുണ്ടായി. കർണ്ണാടക കോർപ്പറേഷന് കാശ് കൊടുക്കാനുള്ളത് ശരിയാണ്. ഒന്നര ലക്ഷത്തോളം രൂപ നമുക്കു തരുമ്പോൾ രണ്ടു ലക്ഷത്തോളം രൂപ അവർക്ക് കൊടുക്കണം. ഈ പ്രശ്നം വളരെ വേഗം പരിഹരിക്കാനുള്ള എല്ലാ നടപടികളും എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly